## കേരള സർക്കാർ

നം.63384/ഡിബി2/11/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡിബി)വകുപ്പ്
തിരുവനന്തപുരം, തീയതി :19/12/2011

## സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണവകുപ്പ്: സർക്കാർ സ്കൂളുകളിൽ ശുദ്ധജലവും ടോയ്‌ലറ്റ് സൗകര്യവും ലഭ്യമാക്കുന്നത് – ബഹു.സുപ്രീംകോടതിയുടെ 9/8/2011–ലെ WP(C)No.631/04–ന്റെ വിധിന്യായം നടപ്പാക്കുന്നത് – സംബന്ധിച്ച്.

സൂചന:
1. സ.ഉ.(എം.എസ്) നം. 14/96/പൊ.വി.വ തീയതി : 18/1/1996
2. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ 10/11/2011–ലെ 6465/എം2/11/പൊ.വി.വ നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.
3. 15/11/2011–ലെ ഇതേ നമ്പർ സർക്കാർ കത്ത്.
4. സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ 23/11/2011–ലെ 1.2 നമ്പർ തീരുമാനം.

1994–ലെ പഞ്ചായത്ത് രാജ് ആക്ട് 1994–ലെ മുനിസിപ്പാലിറ്റീസ് ആക്ട് എന്നിവ പ്രകാരം സംസ്ഥാനത്തെ മുഴുവൻ ഗവൺമെന്റ് സ്കൂളുകളുടെയും നടത്തിപ്പ് ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. സൂചന (1)–ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനം നടത്തേണ്ടത് അതത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. കൂടാതെ 1958–ലെ കേരള എഡ്യൂക്കേഷൻ ആക്ട് സെക്ഷൻ 5എ പ്രകാരം സർക്കാർ സ്കൂളുകളുടെ നടത്തിപ്പ് ചുമതല അതത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ടി ആക്ടിലെ സെക്ഷൻ 34 എ പ്രകാരം സർക്കാർ സ്കൂളുകളുടെ നടത്തിപ്പു ചുമതലയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത സ്കൂളുകളിൽ ശുദ്ധജലവും ടോയ്‌ലറ്റും ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ 9/8/2011, 18/10/2011 എന്നീ തീയതികളിലെ WP(C)No.631/04 വിധിന്യായമനുസരിച്ച് 31/12/2011–ന് മുൻപ് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ശുദ്ധജലവും ടോയ്‌ലറ്റ് സൗകര്യവും ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. ആയതിന് ആവശ്യമായ നിർദ്ദേശം സൂചന (3) കത്ത് പ്രകാരം സർക്കാർ നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സംസ്ഥാന തല കോ–ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്നതായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ശുദ്ധജലവും മതിയായ ടോയ്‌ലറ്റ് സൗകര്യവും ലഭ്യമാക്കേണ്ടതാണ്. ഗവൺമെന്റ് സ്കൂളുകളിലും വിദ്യാർത്ഥികൾക്ക് ശുദ്ധജല ലഭ്യതയും

മതിയായ ടോയ്‌ലറ്റ് സൗകര്യവും ലഭ്യമാക്കേണ്ടത് അതാതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമായിരിക്കും ഇതിലേയ്ക്കായി മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ഉപയോഗിക്കാവുന്നതാണ്. മെയിന്റനൻസ് ഗ്രാന്റ് ലഭ്യമല്ലാത്ത പഞ്ചായത്തുകൾക്ക് വികസനഫണ്ട് ഉപയോഗിക്കാവുന്നതാണ്. ഈ തുക മേഖലാ വിഭജനത്തിന് അതീതമായിരിക്കും. ഡിസംബർ 31-ന് മുൻപ് എല്ലാ ഗവ. സ്കൂളുകളിലും സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് അതാതു പഞ്ചായത്ത് സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണ്. അഗ്നിശമന ഉപകരണങ്ങൾ വാങ്ങുന്നത് സംബന്ധിച്ചും ഇതേ നടപടി സ്വീകരിക്കേണ്ടതാണ്.

കോടതി വിധി നടപ്പിലാക്കി എന്ന് ഉറപ്പ് വരുത്തി പ്രസ്തുത വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

**ജെയിംസ് വർഗ്ഗീസ്**
ഗവ. പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1. പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
2 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാ ജില്ലാപഞ്ചായത്തുകളുടെയും സെക്രട്ടറിമാർ
4. എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
5. എല്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
6. എക്സിക്യൂട്ടീവ് ചെയർമാൻ &ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
7. പൊതുവിദ്യാഭ്യാസ (എം) വകുപ്പ്
8. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ്: തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ
തദ്ദേശസ്വയംഭരണ സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ